**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 590** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യാവസായിക വികസനത്തിനായി ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിക്കുക വഴി എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിൽ മുതൽ മുടക്കുന്ന സംരംഭകർ, നിക്ഷേപം നടത്തുന്നതിനോടൊപ്പംതന്നെ പ്രകൃതി സൗഹൃദമായ രീതിയിലും നിയമാനുസൃതവുമായ പ്രവർത്തനമാണ് നടത്തേണ്ടത് എന്നാണ് ഉത്തരവാദിത്ത വ്യവസായം, ഉത്തവാദിത്ത നിക്ഷേപം എന്ന ആശയം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. ഇ.എസ്.ജി. (എൻവയോൺമെന്റൽ, സോഷ്യൽ, ഗവേണൻസ്) നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്ന ഉത്തരവാദിത്ത വ്യവസായ നയം രൂപീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) | വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം , ജലലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | വ്യാവസായിക ഉല്പാദനത്തിന് അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യങ്ങളായ ഊർജ്ജം, ജലലഭ്യത, അഗ്നിസുരക്ഷ, മാലിന്യസംസ്കരണം എന്നിവ എല്ലാ വ്യവസായ പാർക്കുകളിലും വ്യവസായ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പാർക്കുകളിലെയും വ്യവസായ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെയും സംരംഭകന്റെ ആവശ്യാനുസരണം ടി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക് ആവശ്യമായ നവീകരണങ്ങളും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ